ഡിസൈൻ തയ്യാറാക്കൽ ഡ്രിക് ബോർഡിൽ അവസാനഘട്ടത്തി ലാണ്. ഡിസൈൻ എത്രയുംവേഗം പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

20. പാണത്തൂർ റോഡിന്റെ നവീകരണം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹോസ്ദുർഗ്-പാണത്തൂർ അന്തർസംസ്ഥാന പാതയെ സംബന്ധിച്ചിട്ടുള്ള ഒരു കാര്യമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഞാൻ 2011-ൽ സഭയിൽ വന്ന കാലം മുതൽ ആവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്ന കാര്യമാണെങ്കിലും ഇതുവരെയും അതിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. 12-6-2014-ലും 18-12-2014-ലും സഭയിൽ ചോദിച്ച ചോദ്യത്തിന് എത്രയും പെട്ടെന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി തരണമെന്നുമൊക്കെ അങ്ങ് ആവശ്യപ്പെട്ടതായിരുന്നു. അതിനെ തുടർന്ന് 15-7-2015-ന് അങ്ങേക്ക് വീണ്ടും കത്ത് നൽകുകയും 29-7-2015-ന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഹോസ്ദുർഗ്ഗിൽ നിന്ന് 15 കി.മീ. വരെയുള്ള ആ റോഡ് പൂർത്തീകരിച്ചതും മെക്കാഡം ടാർ ചെയ്തതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അന്തർസംസ്ഥാന പാത എന്ന നിലയിൽ കർണ്ണാടകത്തിലേയ്ക്ക് കടക്കണമെങ്കിൽ പാണത്തൂർവഴി കടന്നുപോകണം. അതിനാവശ്യമായ വിധത്തിൽ 29 കി.മീ. റോഡിന്റെ പണി പൂർത്തീകരിക്കാനും മെക്കാഡം ടാർ ചെയ്യാനുമാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ നാലഞ്ചു വർഷമായി ആവർത്തിച്ചു പറയുന്ന ഒരു വിഷയമെന്ന നിലയിൽ ഇതിൽ ഇപ്പോഴെങ്കിലും ഒരു നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഹോസ്ദുർഗ്-പാണത്തൂർ റോഡ് 44.175 കി.മീ. ദൈർഘ്യമുള്ളതാണ്. അദ്ദേഹം ആവശ്യപ്പെട്ടതായ റോഡിന്റെ പ്രസ്തുത ഭാഗം തന്നെ 29 കി. മീ. ഉണ്ട്. ഇതിന് 45 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയോടുകൂടി ധനകാര്യ വകുപ്പിന് സമർപ്പിക്കുന്നതാണ്.

21. കടുത്തുരുത്തി ആശുപത്രി കെട്ടിടനിർമ്മാണം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ ഗവൺമെന്റ് ആശുപത്രികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകളിൽ തീർപ്പാക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്ന ആവശ്യം. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ ജന്മനാടായ ഉഴവൂരിൽ അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായിരിക്കുകയാണ്. അത് ഉദ്ഘാടനം ചെയ്യാൻ കഴിയണമെങ്കിൽ അവിടെ ആവശ്യമായ തസ്തിക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കണം. അതിന്റെ ഫയലുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ മണ്ഡലത്തിൽ ഗവൺമെന്റ് അപ്ഗ്രേഡ് ചെയ്ത കുറവിലങ്ങാട് താലൂക്ക് ആശുപത്രി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിൽ നിൽക്കുകയാണ്, അതിനുള്ള തസ്തികയും അനുവദിച്ചിട്ടില്ല. അതും ഗവൺമെന്റിന്റെ പരിഗണനയിൽ നിൽക്കുന്ന ഫയലാണ്. ബഹുമാനപ്പെട്ട മന്ത്രി വി.എസ്. ശിവകുമാർ കടുത്തുരുത്തി മണ്ഡലത്തിൽ വന്നപ്പോൾ പ്രഖ്യാപിച്ചവയാണ് അവിടെയുള്ള രണ്ട് പി.എച്ച്.സി.കൾ. ആ 2 പി.എച്ച്.സി.-കളിൽ ഏറ്റവും കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന കുറുപ്പന്തറ പി.എച്ച്.സി.-യിലും കടുത്തുരുത്തി പി.എച്ച്.സി.-യിലും 25 ബെഡ്ഡുള്ള കിടത്തി ചികിത്സാ കേന്ദ്രം ആരംഭിക്കുമെന്ന് ശ്രീ. കെ. എം. മാണി സാർ കഴിഞ്ഞ ബഡ്ജറ്റിലൂടെ അനൗൺസ് ചെയ്തതാണ്. അത് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം തസ്തിക അനുവദിക്കാത്തതാണ്. ഈ നാല് ഹോസ്പിറ്റലുകളിലും തസ്തിക അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ തീർപ്പാക്കി എത്രയും പെട്ടെന്ന് അവിടത്തെ ജനങ്ങളെ സഹായിക്കണമെന്നാണ് ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും 2013-14 സാമ്പത്തിക വർഷത്തിൽ ടി നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. ടി ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. 16-1-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 35 താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഇവിടെ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിച്ച് 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന് ഇവയെ 24 X 7 പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുകയും നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തേണ്ടതുമാണ്. നിലവിൽ 50-നും 75-നുമിടയിൽ രോഗികൾ മാത്രം ദിവസേന ചികിത്സയ്ക്കെത്തുന്ന ഈ സ്ഥാപനത്തിൽ പ്രാഥമിക ചികിത്സ നൽകുകയും വിദഗ്ധ ചികിത്സയ്ക്കായി താലൂക്ക്-ജില്ലാ ആശുപത്രികളിൽ റഫർ ചെയ്യുകയുമാണ് ചെയ്യുവരുന്നത്. കടുത്തുരുത്തി, കുറുപ്പന്തറ പ്രൈമറി ഹെൽത്ത് സെന്ററുകളെ സാമൂഹ്യാരോഗ്യ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യത്തിന്മേൽ ഈ പ്രൈമറി ഹെൽത്ത് സെന്ററുകളെ 24 X 7 പ്രൈമറി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതായിരിക്കും അഭികാമ്യമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കുറുപ്പന്തറ പ്രൈമറി ഹെൽത്ത് സെന്ററിൽ ഐ.പി. പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ തസ്തികകളോ ലഭ്യമല്ല എന്ന ഡി.എം.ഒ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച ശേഷം 24 X 7 പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഫയലുകളിന്മേൽ ധനകാര്യ വകുപ്പ് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടു. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

22. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കൽ

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ഉറപ്പുകൾ ലഭിച്ചിട്ടുള്ളത് ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കുമെന്ന പേരിലാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് എട്ട് മന്ത്രിമാർ കേരളത്തിൽനിന്നും ഉണ്ടായിരുന്നിട്ടും ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. മുമ്പ് ബി.ജെ.പി. ഗവൺമെന്റ് വന്നപ്പോഴും ആക്കിയില്ല. ശ്രീ. നരേന്ദ്ര മോദി കേരളത്തിൽ വരുമ്പോൾ ദേശീയ തീർത്ഥാടന കേന്ദ്രമാക്കുമെന്ന് പറഞ്ഞ് വലിയ പ്രചരണമുണ്ടായിരുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി നിവേദനം കൊടുത്തിട്ടും ദേശീയ തീർത്ഥാടന കേന്ദ്രമാക്കിയില്ല. ഇനിയെങ്കിലും ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിക്കാൻ ദേവസ്വം വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് ആത്മാർത്ഥമായി മുൻകൈ എടുക്കുമോയെന്നാണ് അറിയേണ്ടത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും പെരിയാർ ടൈഗർ റിസർവ് വനപ്രദേശത്താൽ ചുറ്റിക്കിടക്കപ്പെടുന്നതും ഇന്ത്യയിലേയും വിദേശത്തെയും നിരവധി തീർത്ഥാടകർ എല്ലാ വർഷവും തീർത്ഥാടനത്തിനായി എത്തിച്ചേരുന്നതുമായ ക്ഷേത്രമാണ്. ജാതിമത വ്യത്യാസമില്ലാതെ നാനാതുറയിലുള്ള തീർത്ഥാടകർ എത്തിച്ചേരുന്ന ഈ ക്ഷേത്രം ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എല്ലാ വർഷവും ഏകദേശം മൂന്നു കോടിയിലേറെ തീർത്ഥാടകർ നവംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ തീർത്ഥാടനത്തിന് എത്തിച്ചേരുന്നതായി കണക്കാക്കപ്പെടുന്നു. ശബരിമല തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ദേവസ്വം ബോർഡ് പദ്ധതികൾക്കു പുറമെ കോടിക്കണക്കിന് രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ ഇതിനകം തന്നെ അറുപത്തിയഞ്ചു കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ചുകഴിഞ്ഞു. ആ പദ്ധതികളെല്ലാം നടപ്പിലാക്കി കഴിഞ്ഞു. വിവിധ സർക്കാർ വകുപ്പുകളും സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി അതത് വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് വൻതുക ചെലവഴിച്ചുവരുന്നുണ്ട്. വനഭൂമി ലഭ്യമാകാത്തതാണ് ശബരിമല വികസനത്തിനുള്ള പ്രധാന തടസ്സം. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിന് കഴിയും. തീർത്ഥാടകർക്കാവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇത് സഹായകമാകും. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly